പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5139 28.10.2016-ലെ മറുപടിക്ക്

## കെ.എസ്. ആർ.ടി.സി. യുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്താൻ നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സി. ദിവാകരൻ | ശ്രീ. എ.കെ. ശശീന്ദ്രൻ (ഗതാഗത വകുപ്പു മന്ത്രി) |

| | | | |
| --- | --- | --- | --- |
| (എ) | കെ.എസ്.ആർ.ടി.സി. യുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്താൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കെ.എസ്.ആർ.ടി.സി.യെ നവീകരിച്ച് പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ഒട്ടേറെ പദ്ധതികൾ ആവിഷ്ക്കരിച്ച് വരികയാണ്. വരുമാനക്കുറവുള്ള സർവ്വീസുകൾ പുനഃക്രമീകരിച്ച് വരുമാനം വർദ്ധിപ്പിക്കുന്നതിനും നിലവിലുള്ള ഡ്യൂട്ടി പാറ്റേൺ സിസ്റ്റം പരിഷ്ക്കരിച്ച് മാൻ പവർ യൂട്ടിലൈസേഷൻ കൂട്ടുന്നതിനുമുള്ള നടപടികൾ നടന്നു വരികയാണ്. തമിഴ്നാട്, കർണ്ണാടക എന്നീ സംസ്ഥാനങ്ങളിലേക്കുള്ള അന്തർ സംസ്ഥാന സർവ്വീസുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിലേക്കായി പുതിയ അന്തർ സംസ്ഥാന കരാറുകളിൽ എത്തിച്ചേരുന്നതിനുള്ള നടപടികളും നടന്നുവരികയാണ്. അന്തർ സംസ്ഥാന സർവ്വീസുകളിലേക്ക് കൂടുതൽ യാത്രക്കാരെ ആകർഷിക്കുന്നതിലേക്കായി തിരക്കില്ലാത്ത ദിവസങ്ങളിൽ യഥാർത്ഥ നിരക്കിൽ നിന്നും 15 ശതമാനം ഇളവ് ഇപ്പോൾ അനുവദിച്ച് വരുന്നുണ്ട്. അതോടൊപ്പം റെയിൽവേ മാതൃകയിൽ തൽക്കാൽ സംവിധാനവും കഴിഞ്ഞ ഓണക്കാലം മുതൽ കെ.എസ്. ആർ.ടി.സി ഏർപ്പെടുത്തിക്കഴിഞ്ഞിട്ടുണ്ട്. കൂടാതെ കെ.എസ്.ആർ.ടി.സി ബസുകളിൽ ജി.പി.എസ്. / വെഹിക്കിൾ ട്രാക്കിംഗ് സിസ്റ്റം (VTS) നടപ്പിലാക്കുന്നതിനുള്ള നടപടി |

സ്വീകരിച്ചിട്ടുണ്ട്. യാത്രക്കാർക്ക് ഇന്റർനെറ്റ് ഉപയോഗിക്കുന്നതിന് വേണ്ടി വൈഫൈ സംവിധാനം പരീക്ഷണാടിസ്ഥാനത്തിൽ എറണാകുളം - ബാംഗ്ലൂർ സർവ്വീസ് നടത്തുന്ന രണ്ട് മൾട്ടി ആക്സിൽ വോൾവോ ബസുകളിലും, കെ.യു.ആർ.ടി. സി.യുടെ രണ്ട് ലോ ഫ്ളോർ എ.സി. വോൾ വോ ബസുകളിലും ഘടിപ്പിക്കുകയുണ്ടായി. ടി സംവിധാനം മറ്റ് പ്രധാന സൂപ്പർക്ലാസ് സർവ്വീസുകളിലും നടപ്പിലാക്കുവാൻ ഉദ്ദേശി ക്കുന്നു. ബസ് സ്റ്റേഷനുകളിലെ സ്റ്റാളുകൾ, ക്യാന്റീൻ, ഷോപ്പിംഗ് കോംപ്ലക്സിലെ മുറി കൾ എന്നിവ ലേലം/ടെണ്ടർ മുഖേന വാടക യ്ക്ക് നൽകിയും കെ.എസ്.ആർ.ടി.സി. ബസുകളിലും ബസ് സ്റ്റേഷനുകളിലും പരസ്യം പതിക്കുന്നതിന് ടെണ്ടർ മുഖേന ലൈസൻസിയെ കണ്ടെത്തി നൽകിയത് വഴിയും, കോഫീവെൻഡിംഗ് മെഷീൻ, എ.ടി.എം. എന്നിവ സ്ഥാപിച്ച് പ്രവർത്തിപ്പി ക്കുവാൻ സ്ഥലം വാടകയ്ക്ക് നൽകുന്നതി ലൂടെയും കൊറിയർ സർവ്വീസ് നടത്തിയും കെ.എസ്.ആർ.ടി.സി.ക്ക് ടിക്കറ്റേതര വരു മാനം ലഭിച്ചു വരികയാണ്.

കെ.എസ്.ആർ.ടി.സി. ബസുകളിൽ കംപ്രസ്ഡ് നാച്ചറൽ ഗ്യാസ് (CNG) ഉപയോഗിക്കുന്നതിനുള്ള നടപടി ആരംഭി ച്ചിട്ടുണ്ട്. കേരള സർക്കാരിന്റെ 2016-17 ബഡ്ജറ്റിൽ കെ.എസ്.ആർ.ടി.സി.യുടെ 1000 പുതിയ സി.എൻ.ജി ബസുകൾ ഇറക്കുന്ന തിന് 300 കോടി രൂപ പ്രത്യേക നിക്ഷേപ പദ്ധതിയിൽ നിന്നും വായ്പയായി ലഭ്യമാക്കു മെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. നടപ്പുവർഷം 50 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. സി.എൻ.ജി. ബസിലേക്ക് മാറുമ്പോൾ കെ.എസ്.ആർ.ടി.സി.യുടെ ചിലവ് കുറക്കു

| | | | |
|---|---|---|---|
| | | | വാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. അഞ്ചു വർഷം കൊണ്ട് ഭൂരിഭാഗം ബസുകളും സി.എൻ.ജി. ഇന്ധനത്തിലേക്ക് മാറ്റുന്നതിന് ലക്ഷ്യമിടുന്നുണ്ട്. കൂടാതെ കെ.എസ്.ആർ.ടി.സി.യുടെ സമഗ്രമായ പഠനത്തിനും പുനഃസംഘടനയ്ക്കുമായി 24-9-16ലെ GO(Rt) No.367/2016/Tran പ്രകാരം കൊൽക്കൊത്ത ഐ.ഐ.എം.ലെ പ്രൊഫ. സുശീൽ ഖന്നയെ കൺസൽട്ടന്റ് ആയി നിയമിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | കെ.എസ്.ആർ.ടി.സി. നിരത്തിലിറക്കിയ സ്കാനിയ ബസ്സുകൾ ലാഭകരമായാണോ സർവ്വീസ് നടത്തുന്നതെന്ന് വ്യക്തമാക്കുമോ? | (ബി) | നവീകരണ പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി ആധുനിക രീതിയിലുള്ള 18 സ്കാനിയ ബസുകൾ നിരത്തിലിറക്കിയിട്ടുണ്ട്. ഇവ പ്രധാനമായും അന്തർ സംസ്ഥാന ദീർഘദൂര റൂട്ടുകളിലാണ് സർവ്വീസ് നടത്തി വരുന്നത്. യാത്രക്കാർക്ക് മെച്ചപ്പെട്ട സേവനങ്ങളാണ് ഈ സർവ്വീസുകൾ വഴി നൽകിവരുന്നതെങ്കിലും ടി സർവ്വീസുകൾ പൂർണ്ണമായും ലാഭകരമാണെന്ന് പറയുവാൻ കഴിയുകയില്ല. |

സെക്ഷൻ ഓഫീസർ